# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3518.** **19.10.2016 ന് മറുപടിയ്ക്ക്**

## ലഹരി വസ്തുക്കളടങ്ങിയ മിഠായികൾ, ഭക്ഷ്യ വസ്തുക്കൾ എന്നിവയുടെ വിപണനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ലഹരി വസ്തുക്കളടങ്ങിയ മിഠായികൾ, ഭക്ഷ്യ വസ്തുക്കൾ എന്നിവയുടെ വിപണനം സംസ്ഥാനത്ത് വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | സ്കൂൾ പരിസരത്ത് ഇത്തരം വസ്തുക്കൾ കച്ചവടം ചെയ്യുന്നത് സംബന്ധിച്ച് 2016 ജൂൺ 1 മുതൽ സെപ്റ്റംബർ 30 വരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്ന് വ്യക്തമാക്കാമോ; | (ബി) | ലഹരി വസ്തുക്കളടങ്ങിയ മിഠായികൾ, ഭക്ഷ്യ വസ്തുക്കൾ എന്നിവ സ്കൂൾ പരിസരത്ത് കച്ചവടം ചെയ്യുന്നത് സംബന്ധിച്ച് 2016 ജൂൺ 1 മുതൽ സെപ്റ്റംബർ 30 വരെയുള്ള കാലയളവിൽ എക്സൈസ് വകുപ്പ് കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. |
| (സി) | ലഹരി വസ്തുക്കളടങ്ങിയ മിഠായികളുടെയും മറ്റും ഉത്പാദനവും വിതരണവും തടയുന്നതിന് ഗവൺമെന്റ് തലത്തിൽ അടിയന്തിര നടപടി സ്വീകരിക്കാമോ; വിശദീകരിക്കാമോ? | (സി) | മയക്ക് മരുന്ന്, പുകയില ഉൽപ്പന്നങ്ങൾ, മറ്റ് ലഹരി പദാർത്ഥങ്ങൾ തുടങ്ങിയവയുടെ ഉത്പാദനവും വിതരണവും ഉപഭോഗവും സംബന്ധിച്ച പരാതികളിൽ കർശന പരിശോധനകളും രഹസ്യ നിരീക്ഷണങ്ങളും നടത്തി കുറ്റക്കാർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് വിവരങ്ങൾ ശേഖരിക്കുന്നതും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.യുടെയും പൊതുജനങ്ങളുടെയും സഹക |

| | | | |
|---|---|---|---|
| | | | രണത്തോടെ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br>മയക്കു മരുന്നുകളുടെയും പുകയില ഉൽപ്പന്നങ്ങളുടെയും മറ്റ് ലഹരി പദാർത്ഥങ്ങളുടെയും ഉപയോഗം മൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ, പ്രത്യേകിച്ച് യുവജനങ്ങൾക്കിടയിൽ, അവബോധം ഉണ്ടാക്കുന്നതിന് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രചാരണവും നടത്തി വരുന്നു. അതോടൊപ്പം ലഹരി വിരുദ്ധ ആശയങ്ങൾ അടങ്ങിയ ഹ്രസ്വ ചിത്രങ്ങൾ എല്ലാ സ്കൂളുകളിലും പ്രദർശിപ്പിക്കുകയും മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും വിൽപ്പന, ഉപഭോഗം തുടങ്ങിയവ സംബന്ധിച്ച പരാതികളും വിവരങ്ങളും എക്സൈസ് വകുപ്പിന് കൈമാറുന്നതിനായി സ്കൂളുകളിൽ പരാതി പെട്ടികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. എക്സൈസ് കമ്മീഷണർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ സ്കൂളുകളിലും കോളേജുകളിലും ഈ വിഷയത്തിൽ ക്ലാസ്സുകൾ എടുക്കുന്നുണ്ട്. മദ്യത്തിനും ലഹരിക്കുമെതിരെ സമഗ്രമായ ബോധവത്ക്കരണം നടത്തുന്നതിന് 'വിമുക്തി' കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ രൂപീകരിച്ച് നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**